
ബൈബിൾ ചിത്രകഥ

# ജോസഫ്



## ബൈബിൾ ചിത്രകഥ-4

# ജോസഫ്

രചന : മൈക്കിൾ കാരിമറ്റം

ചിത്രീകരണം : ദേവസ്സി * ബെന്നി

ജീവിതത്തിൽ പരാജയങ്ങൾ സംഭവിക്കുക സാധാരണമാണ്. എന്നാൽ ഒന്നിനുപുറകെ ഒന്നായി പരാജയങ്ങൾ മാത്രം ഉണ്ടാകുമ്പോൾ പലരും തകർന്നു പോയെന്ന് വരും. എല്ലാവരെയും സ്നേഹിക്കുകയും പരിപാലിക്കുകയും ചെയ്യുന്ന ഒരു നല്ല ദൈവമുണ്ടെങ്കിൽ എന്തേ എനിക്ക് ഇതെല്ലാം സംഭവിക്കുന്നു എന്ന് ചോദിക്കുന്നതും അസാധാരണമല്ല. മറ്റെല്ലാവരും വിജയിക്കുമ്പോൾ ഞാൻ മാത്രം എന്തേ പരാജയപ്പെടുന്നു? ആരോടും ഒരു ശത്രുതയും ഇല്ലാതെ കഴിയുന്നത്ര നന്മ മാത്രം എല്ലാവർക്കും ചെയ്തിട്ടും എന്തേ എല്ലാവരും എന്നെ വെറുക്കുന്നു? ദൈവം ഇതൊന്നും കാണുന്നില്ലേ? ഇങ്ങനെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം കിട്ടാതെ നിരാശയിൽ അമരുന്നവരുടെ എണ്ണവും കുറവല്ല.

പലപ്പോഴും നമ്മുടെ മാനദണ്ഡങ്ങൾ വച്ചാണു നാം ദൈവത്തെ അളക്കുക. ഭാവിയുടെ മറനീക്കി നാളെ വരാനിരിക്കുന്ന കാര്യങ്ങൾ കാണാൻ നമുക്കു കഴിയുകയില്ല. ദൈവത്തിൻറെ പദ്ധതികൾ നമ്മുടെ കണക്കുകൂട്ടലുകൾക്കും അപ്പുറത്താണ്. ഇന്ന് വേദനാപൂർണവും നിരാശാജനകവുമായി തോന്നുന്ന അനുഭവങ്ങൾ നാളെ നമ്മുടെ ശക്തി കേന്ദ്രങ്ങളായി മാറിയെന്ന് വരാം. കഷ്ടപ്പാടുകളും ദുഃഖങ്ങളും വഴി ദൈവം നമ്മെ ഓരോ പ്രത്യേക ദൗത്യങ്ങൾക്കായി ഒരുക്കുകയാണെന്നു സാവധാനമേ മനസ്സിലാകൂ.

ജോസഫിന്റെ കഥയിലൂടെ ബൈബിൾ നമ്മുടെ മുമ്പിൽ അവതരിപ്പിക്കുന്ന സന്ദേശമാണിത്. ചെറുപ്പത്തിലേ അമ്മ മരിച്ചു. സഹോദരന്മാർ ഏറെയുണ്ടായിരുന്നെങ്കിലും അവരെല്ലാം അവനെ

വെറുത്തു. അപ്പൻ അവനെ സ്നേഹിച്ചിരുന്നെങ്കിലും സഹോദരങ്ങൾ തരം കിട്ടിയപ്പോൾ അവനെ കൊല്ലാൻ ശ്രമിച്ചു, അടിമയായി വിറ്റു. ദുഃഖങ്ങളുടെയും ക്ലേശങ്ങളുടെയും കൈപ്പേറിയ വർഷങ്ങളിലൂടെ അയാൾകടന്നുപോയി. തിന്മയ്ക്കു കൂട്ടുനിൽക്കാത്തതിനാൽ കൺമുമ്പിൽ എത്തിയ നല്ല കാലം അയാളെ കൈവിട്ടു. അനേകവർഷങ്ങൾ നീണ്ടുനിന്ന അടിമത്തത്തിനുശേഷം ദീർഘകാലത്തെ ജയിൽവാസം. വലിയൊരു ദൗത്യത്തിനുവേണ്ടി ഇവയിലൂടെ ദൈവം തന്നെ ഒരുക്കുകയായിരുന്നെന്നു പിന്നീടാണ് അദ്ദേഹത്തിന് മനസ്സിലായത്.

തടവറയിൽ നിന്നു സിംഹാസനം വരെ ഉയർന്ന ജോസഫ് അധികാരത്തിൽ മതി മറന്നില്ല. ആരോടും വിരോധം വച്ചു പുലർത്തിയില്ല. തന്നെ അടിമയാക്കി


വിറ്റ സഹോദരങ്ങളോടു പകരംവീട്ടാൻ അദ്ദേഹം ശ്രമിച്ചില്ല. ഭയന്നു നിന്ന സഹോദരങ്ങളോടു സ്നേഹത്തിന്റെയും കരുണയുടെയും വാക്കുകൾ മാത്രമേ അദ്ദേഹത്തിനു പറയാനുള്ളൂ. കടന്നുപോന്ന കഷ്ടകാലങ്ങളിൽ എല്ലാം ദൈവത്തിൻറെ അദൃശ്യകരം തന്നെ നയിച്ചിരുന്നതായി ജോസഫ് മനസ്സിലാക്കി. തനിക്ക് സംഭവിച്ച കെടുതികൾക്കു കാരണം പ്രത്യക്ഷത്തിൽ സഹോദരങ്ങൾ ആയിരുന്നെങ്കിലും ദൈവത്തിൻറെ ആകമാന പദ്ധതിയിൽ മനുഷ്യരുടെ ദുഷ്ടതയും തിന്മയും പോലും നന്മയിലേക്കു നയിക്കും എന്നും അദ്ദേഹം വിശ്വസിച്ചു. അങ്ങനെ പിൻതലമുറകൾക്കു ജോസഫ് ഒരു മാതൃകയായി. തളരാത്ത പ്രത്യാശയുടെയും ഒളിമങ്ങാത്ത സ്നേഹത്തിന്റെയും മാതൃക. ഏതു

പ്രതിസന്ധിയിലും ദൈവപരിപാലനയിൽ ആശ്രയിക്കാനും എന്തു ത്യാഗം സഹിച്ചും സത്യത്തിനും നീതിക്കും വേണ്ടി നിലകൊള്ളാനും തിന്മയ്ക്കു പകരം തിന്മ ചെയ്യാതെ നന്മകൊണ്ട് തിന്മയെ ജയിക്കാനും ജോസഫിന്റെ ജീവിതം നമ്മെ ഉദ്ബോധിപ്പിക്കുന്നു.

വാഗ്ദത്തഭൂമിയുടെ ഉടമയായ ഇസ്രായേൽ മക്കൾ അന്യനാടായ ഈജിപ്തിൽ ചെന്നെത്തിയ സാഹചര്യങ്ങൾ വിവരിക്കുന്നതാണ് ജോസഫിന്റെ ചരിത്രം. സഹോദരനെ അടിമയായി വിറ്റവർ കാലക്രമത്തിൽ അടിമകളായി തീർന്നു. സഹോദരങ്ങൾ വെറുക്കുകയും വധിക്കാൻ ശ്രമിക്കുകയും ചെയ്തിട്ടും ദൈവം വലിയൊരു അധികാരിയായി ഉയർത്തിയ ജോസഫ് യേശുവിൻറെ മുന്നോടിയാണ്. സ്വജനമായ യഹൂദർ തള്ളിപ്പറയുകയും വിജാതീയരുടെ


കൈകളാൽ വധിക്കപ്പെടുകയും ചെയ്തിട്ടും ദൈവം മരണത്തിൽ നിന്ന് ഉയിർപ്പിക്കുകയും സർവ്വാധിനാഥനായി ഉയർത്തുകയും ചെയ്ത യേശുവിൻറെ ഒരു മുൻ പ്രതിഫലനം.

ഉല്പത്തി മുപ്പത്തിഅഞ്ചു മുതൽ അൻപതുവരെയുള്ള അധ്യായങ്ങളാണ് ഈ ചിത്രകഥക്ക് ആധാരം.



യാക്കോബിനു തന്റെ ഇഷ്ട ഭാര്യയായ റാഹേലിൽ ജനിച്ച ആദ്യ പുത്രനാണ് ജോസഫ് . രണ്ടാമത്തെ മകനായ ബെഞ്ചമിന്റെ ജനനത്തോടെ റാഹേൽ മരിച്ചു. യാക്കോബ് ജോസഫിനെ മറ്റെല്ലാ മക്കളേയുംകാൾ കൂടുതൽ സ്നേഹിച്ചു. ഇത് അവരുടെ അസൂയക്ക് കാരണമായി. അവർ ജോസഫിനെ വെറുത്തു.
!!???
ഇന്നു ജോസഫിനു 17 വയസ്സ് തികയുന്ന ദിവസമാണ്. ഈജിപ്തിൽ നിർമ്മിച്ച ഈ പട്ടുകുപ്പായം പിറന്നാൾ സമ്മാനമായിരിക്കട്ടെ.
!!!


കണ്ടില്ലേ, അപ്പന് അവനെ മതി. നമ്മൾ കഴുതകളെപ്പോലെ അധ്വാനിക്കാൻ.
നമുക്കൊന്നും പിറന്നാളുമില്ല, സമ്മാനവുമില്ല!



പിറ്റേന്ന് രാവിലെ
!!
എനിക്കൊരു സ്വപ്നമുണ്ടായി. നമ്മൾ വയലിൽ കൊയ്തു കറ്റ കെട്ടുകയായിരുന്നു


അപ്പോൾ എൻ്റെ കറ്റ എണീറ്റ് നിന്നു. നിങ്ങളുടെ കറ്റകൾ കുമ്പിട്ട് എൻ്റെ കറ്റയെ വണങ്ങി.


അതുകൊണ്ടു ഞങ്ങ
ളൊക്കെ നിൻറെ അടി
മകളാകണം അല്ലേ? അതു
മനസ്സിലിരിക്കട്ടെ.
ഞാനെന്തു പിഴച്ചു,
കണ്ട ഒരു സ്വപ്നം
പറഞ്ഞതല്ലേയുള്ളൂ.


മറ്റൊരു ദിവസം
സൂര്യനും ചന്ദ്രനും പതിനൊന്നു നക്ഷത്രങ്ങളും എന്നെ വണങ്ങുന്നതായി ഞാൻ സ്വപ്നം കണ്ടു.
!?
നിൻറെ സ്വപ്നം കാണൽ കുറെ കൂടിപ്പോകുന്നു. എന്താ ഞാനും നിന്നെ തൊഴണമെന്നോ?


ഇവനിവിടെ സ്വപ്നം കണ്ടിരുന്നാൽ മതി. ഈ നാട്ടിലെങ്ങും ആടിനു തീറ്റിയില്ലാതായി.
നമുക്കു വടക്കോട്ട് പോകാം. ഷെക്കെമിൽ ധാരാളം പുല്ലുണ്ട്.
ആകട്ടെ, മഴക്കാലമാകുമ്പോഴേക്കും തിരിച്ചു വരണം.


അവർ പോയിട്ടു മാസം മൂന്നായി. എന്താണാവോ ഇത്ര വൈകുന്നത്?
അവരുടെ വിശേഷങ്ങൾ അറിയാഞ്ഞിട്ട് ഒരു വിഷമം. നീ പോയി അന്വേഷിച്ചിട്ടു വാ.
ഉടനേ ഇങ്ങു വന്നാലും ഈ പ്രദേശത്തൊന്നും തീറ്റിയില്ലല്ലോ.


നാളെ രാവിലെ തന്നെ പോകാമല്ലോ


ദിവസങ്ങൾക്കുശേഷം
എൻറെ ചേട്ടന്മാരെ കണ്ടോ? അവർ പത്തു പേരുണ്ട്.
ഓഹോ, യാക്കോബിൻറെ മകനാണല്ലേ? അവർ അങ്ങു വടക്കുണ്ട്. ഇവിടെ നിന്ന് ഏകദേശം നാലു ദിവസം നടക്കണം
?


അതാ വരുന്നു സ്വപ്നക്കാരൻ!
നമ്മളെക്കുറിച്ച് അപ്പനെ നുണ പറഞ്ഞു കേൾപ്പിക്കാൻ ഇറങ്ങിയതാ.
!!
അവന്റെ സ്വപ്നവും നുണയും ഇന്നു കൊണ്ട് അവസാനിപ്പിക്കണം


ഇങ്ങടുത്തു വാ. നിൻറെ പട്ടുകുപ്പായം ഞങ്ങൾ ഒന്ന് കാണട്ടെ. ഈജിപ്തിൽനിന്നു വാങ്ങിയതല്ലേ അപ്പൻറെ പുന്നാരമോനു സമ്മാനമായിട്ട്.
അതിങ്ങുരിയെടുത്തോ. അവനു മാത്രമേ അത് പാകമാവുകയുള്ളോ എന്നു നോക്കാം
!?


എടാ, നിൻറെ സ്വപ്നം ഒന്നുകൂടി പറഞ്ഞേ, പുതിയത് വല്ലതും കണ്ടോ?
ചേട്ടാ, വിടൂ എനിക്കു ശ്വാസം മുട്ടുന്നു


എന്നെ കൊല്ലല്ലേ...
നിർത്തൂ!


എന്താടാ ഇത്? അനുജനെ കൊല്ലാനാണോ ഭാവം?
ഇവൻ ജീവിച്ചിരിക്കുന്നതു നമുക്കപകടമാണു ചേട്ടാ




നമ്മൾ കൊല്ലുന്നതു ശരിയല്ല. ആ പൊട്ടക്കിണറ്റിൽ തള്ളിയിടാം
വല്ല്യേട്ടാ, ദൈവത്തെ ഓർത്ത് എന്നെ ഉപദ്രവിക്കരുതേ
നിൻറെ ദൈവവും നിന്റെ സ്വപ്നവും! മിണ്ടിപ്പോകരുത്.


അവിടെ കിടന്നു സ്വപ്നം കണ്ടോ. പാമ്പും തേളും ഒക്കെ അതിനകത്തു നിനക്ക് കൂട്ടുണ്ടാകും.
?!
പുതിയ സ്വപ്നം വല്ലതും കണ്ടാൽ അറിയിക്കണം കേട്ടോടാ.
!!


ഇന്നു രാത്രിതന്നെ അവനെ കിണറ്റിൽനിന്നു കയറ്റി ഇവർ കാണാതെ അപ്പന്റെയടുത്തെത്തിക്കണം.


മിദിയാൻകാരായ കച്ചവടക്കാരാണല്ലോ ആ വരുന്നത്.
!
നമുക്ക് സ്വപ്നക്കാരനെ പൊക്കിയെടുത്ത് അവർക്കു വിറ്റുകളയാം. സഹോദരനെ കൊന്നു എന്ന കുറ്റമുണ്ടാവുകയില്ല; വട്ടച്ചിലവിനു കാശും കിട്ടും.



അവർ ജോസഫിനെ ഇരുപതു വെള്ളിനാണയത്തിനു വിറ്റു. മിദിയാൻകാർ അവനെ അടിമയായി ഈജിപ്തിലേക്ക് കൊണ്ടുപോയി.
നിന്നു മോങ്ങാതെ വേഗം നടക്ക്. രക്ഷപ്പെടാൻ നോക്കിയാൽ നിൻറെ മുതുകു ഞാൻ പൊളിക്കും.


സ്വന്തം അനുജനെ വിറ്റു കാശുവാങ്ങാൻ നിങ്ങൾക്കെങ്ങനെ കഴിഞ്ഞു?
വാസ്തവത്തിൽ അവനെ കൊല്ലേണ്ടതായിരുന്നു. പക്ഷെ അപ്പനോടെന്തു പറയും?
അതിനു പോംവഴിയുണ്ട്.


ജോസെഫിന്റെ ഉടുപ്പ് അവർ ആട്ടിൻ ചോര യിൽ മുക്കി. ചോര പുരണ്ട കീറിയ ഉടുപ്പ് അവർ യാക്കോബിന്റെ അടുക്കൽ കൊണ്ടുവന്നു.
ഈ ഉടുപ്പ് വഴിയിൽ കിടന്നു കിട്ടിയതാ.
കണ്ടപ്പോൾ ജോസഫിന്റേതാ ണെന്ന് തോന്നി.
?


ജോസഫേ, മകനേ,
കടുവായ്ക്കിരയാകാൻ വേണ്ടി
ഞാനാണല്ലോടാ നിന്നെ
പറഞ്ഞയച്ചത്.


എൻ്റെ കണ്ണിൻ്റെ വിളക്കു കെട്ടുപോയെടാ.


മാസങ്ങൾക്ക് ശേഷം മിദിയാൻ കച്ചവടക്കാർ ഈജിപ്തിലെത്തി. അവർ ജോസഫിനെ അടിമച്ചന്തയിൽ കൊണ്ടുവന്നു.
100
50
115
120
!!


130
300
ഒരുതരം, രണ്ടുതരം, 300
വെള്ളി മൂന്നുതരം.
!!?
!!!

ഈജിപ്തിലെ രാജാവിൻറെ സേനാധിപനായ പൊത്തിഫാർ ജോസഫിനെ വാങ്ങി.



ജോസഫ് തൻറെ ചരിത്രം മുഴുവൻ പൊത്തിഫാറിനെ പറഞ്ഞു കേൾപ്പിച്ചു.





കൈ മുഴുവൻ വ്രണമായി, എന്നാലും പണിയെടുത്തേ മതിയാവൂ.
എന്താടാ പയ്യനേ, സ്വപ്നം കാണുകയാണോ?
?


അന്നു രാത്രി ജോസഫ് തൻറെ കുടിലിൽ.
ദേഹമാകെ വേദനിക്കുന്നു. കയ്യിലും കാലിലും തൊലി അല്പ്പം പോലുമില്ല. ഞാൻ എന്ത് തെറ്റു ചെയ്തിട്ടാണിത്?


അപ്പൻ എന്നെ സ്നേഹിച്ചത് എന്റെ തെറ്റാണോ? പക്ഷേ ആരോട് പറയാൻ. അമ്മയുണ്ടായിരുന്നെങ്കിൽ. അമ്മേ!


ഇല്ല കരഞ്ഞിട്ടു കാര്യമില്ല, എന്തുവന്നാലും നേരിട്ടേ മതിയാവൂ.


മാസങ്ങൾക്കു ശേഷം
ഈ വർഷത്തെ വിളവ് അസാധാരണം തന്നെ. ചുറ്റുമുള്ള വയലുകൾ കരിഞ്ഞുണങ്ങിയപ്പോൾ നമുക്ക് കഴിഞ്ഞ വർഷ ത്തേതിന്റെ ഇരട്ടി!
ഇതു ദൈവാ നുഗ്രഹമാണ്


ജോസഫ്, നിൻറെ ജോലി എനിക്കിഷ്ടമായി. നീ നിമിത്തമാണ് ദൈവം എന്നെ അനുഗ്രഹി ച്ചിരിക്കുന്നത്.
ദൈവം തനിക്കിഷ്ടമു ള്ളവരെ അനുഗ്രഹിക്കുന്നു. ദൈവാനുഗ്രഹം ഓരോരു ത്തർക്ക് ഓരോ വിധ ത്തിലാണ് കിട്ടുക
!
നീ നാളെ മുതൽ വയലിൽ പണിക്ക് പോകണ്ട. എൻറെ അറപ്പുരകൾ സൂക്ഷിക്കുക.



കുറച്ചുനാൾ കഴിഞ്ഞ്
യജമാനനേ, നമ്മുടെ നാല് അറപ്പുരകളിലും നിറയെ ധാന്യമുണ്ട്. അടുത്ത വർഷവും നല്ല വിളവു കിട്ടും. ഇപ്പോഴാണെങ്കിൽ ഗോതമ്പിനു നല്ല വില.
അതുകൊണ്ടു നീ എന്താണുദ്ദേശിക്കുന്നത്?



നമുക്കാവശ്യമുള്ളതുവച്ച് ബാക്കി വിറ്റ് കുറെ വയൽ വാങ്ങാം.
ശരി, വിൽപനയും വാങ്ങലും നീ തന്നെ ചെയ്തുകൊള്ളൂ. കണക്കുകൾ ശരിക്കു സൂക്ഷിച്ചാൽ മതി.
ജോസഫ് എന്നെയൊന്നു നോക്കിയിരുന്നെങ്കിൽ!



വർഷങ്ങൾ കടന്നുപോയി. ജോസഫ് ചെയ്തതെല്ലാം വിജയിച്ചു. പൊത്തിഫാർ വലിയ ധനികനായി.
ജോസഫ്, ഇന്നുമുതൽ എന്റെ വീട്ടുകാര്യങ്ങളടക്കം എല്ലാം നിന്നെ ഏല്പ്പിക്കുന്നു
എല്ലാം അങ്ങയുടെ ഇഷ്ടം പോലെ.
!!

ഒരു ദിവസം പൊത്തിഫാറിന്റെ ഭാര്യ






രഹസ്യമായി സംസാരിക്കണം വരൂ, നമുക്ക് അകത്തെ മുറിയിലേക്കു പോകാം
!


മടിക്കാതെ
കയറി വരൂ
എന്താണ് കാര്യം?


ജോസഫ്, എനിക്കു ജീവിതം തന്നെ മടുത്തു. ഒരു ഭർത്താവുള്ളത് ഒരിക്കലും വീട്ടിലില്ല. വലിയ പട്ടാള ഉദ്യോഗസ്ഥനല്ലേ.
യജമാനന് എന്തെല്ലാം കാര്യങ്ങളിൽ ശ്രദ്ധിക്കാനുണ്ട്. എന്നാലും കരുണയുള്ളവനാ.



കരുണ! എനിക്കു വേണ്ടതു സ്നേഹമാണ്
ജോസഫ്...



ജോസഫ് തൻറെ പുറങ്കുപ്പായം
അവിടെയിട്ടിട്ട് ഓടി രക്ഷപ്പെട്ടു
അരുത്
ജോസഫ്
!!?


ഈ അവഹേളനത്തിനു പകരം ചോദിച്ചേ ഞാനടങ്ങൂ!

# പൊത്തിഫാർ തിരിച്ചെത്തിയപ്പോൾ




ഇനിയെന്താ തെളിയിക്കേണ്ടത്? ആരുമില്ലാത്ത തക്കം നോക്കി അവനെൻറെ കിടപ്പറയിൽ...
ജോസഫ്..
?
നിർത്തൂ!


ഭാര്യ പറഞ്ഞതു വിശ്വസിച്ചു പൊത്തിഫാർ
ജോസഫിനെ തടവറയിലടച്ചു.
എന്റെ ദൈവമേ, ഒരു
തിന്മയും നിരൂപിക്കുക
പോലും ചെയ്യാതിരു
ന്നിട്ടും എന്തേ
ഇതെല്ലാം എനിക്ക്
സംഭവിക്കുന്നു!
എന്താടാ ഇരുന്നു
മോങ്ങുന്നത്?



ദിവസങ്ങൾക്കകം ജയിലധികാരിക്കു ജോസഫിനെ ഇഷ്ടമായി. ജോസഫിന്റെ സത്യാവസ്ഥ അയാൾ വിശ്വസിച്ചു.
അല്ലേലും അവളൊരു കേമിയാ, സേനാധിപന്റെ ഭാര്യയല്ലേ.
ദൈവം നിരപരാധരെ കൈവിടുകയില്ല
!



നിന്നെ മോചിപ്പിക്കാൻ ആഗ്രഹമുണ്ടെങ്കിലും എനിക്ക് അധികാരമില്ല. എന്നാലും ഇന്നു മുതൽ ഈ മതിലിനകത്തു നിനക്ക് പൂർണ സ്വാതന്ത്ര്യം ഉണ്ടായിരിക്കും
ദൈവം അങ്ങയെ അനുഗ്രഹിക്കും



വർഷങ്ങൾക്കുശേഷം
ഫറവോയുടെ അരമനയിൽ.
എന്ത്? എൻറെ സ്വപ്നം വ്യാഖ്യാനിക്കാൻ കഴിവുള്ള ഒരു മാന്ത്രികനും ഈജിപ്തിലില്ലെന്നോ?
!!!?
തിരുമേനി കോപിക്കരുത്. തടവറയിൽ കിടക്കുന്ന ഒരു ഹെബ്രായ യുവാവിനു സ്വപ്നം വ്യാഖ്യാനിക്കാൻ അറിയാം.


ഞാൻ തടവറയിലായിരുന്നപ്പോൾ കണ്ട സ്വപ്നം അവൻ വ്യാഖ്യാനിച്ചു. അവൻ പറഞ്ഞതു പോലെ സംഭവിക്കുകയും ചെയ്തു.
???
അവനെ ഉടൻ കൊണ്ടുവരൂ. ഈ കൊട്ടാരവാസികളേക്കാൾ മെച്ചം കാരാഗൃഹവാസികളാണ്. ഇവറ്റകളെയെല്ലാം തടവിലാക്കു


ജോസഫ് ഫറവോയുടെ അരമനയിൽ
ഞാൻ രണ്ടു സ്വപ്നങ്ങൾ കണ്ടു. നിനക്ക് സ്വപ്നം വ്യാഖ്യാനിക്കാൻ കഴിയുമോ?
!!!
!
സ്വപ്നമയയ്ക്കുന്നത് ദൈവമാണ്. വ്യാഖ്യാനവും ദൈവത്തിൻറെ തന്നെ. സ്വപ്നം എന്താണെന്ന് പറഞ്ഞാലും.



നദീതടത്തിൽ മേഞ്ഞുകൊണ്ടിരുന്ന കൊഴുത്ത ഏഴു പശുക്കളെ നദിയിൽ നിന്ന് കയറി വന്ന മെലിഞ്ഞ ഏഴു പശുക്കൾ വിഴുങ്ങി.



ഞെട്ടിയുണർന്ന ഞാൻ വീണ്ടും ഒരു സ്വപ്നം കണ്ടു.


പതിരു നിറഞ്ഞ ഏഴു കതിരുകൾ വന്നു കൊഴുത്ത കതിരുകളെ വിഴുങ്ങിക്കളഞ്ഞു.
ഉടനെ സംഭവിക്കാൻ പോകുന്ന കാര്യങ്ങൾ ദൈവം രാജാവിനു വെളിപ്പെടുത്തി തന്നിരിക്കുകയാണ്. കൊഴുത്ത പശുക്കളും കൊഴുത്ത കതിരുകളും സമൃദ്ധിയുടെ ഏഴു വർഷങ്ങളാണ്. മെലിഞ്ഞവ തുടർന്നുവരുന്ന പഞ്ഞത്തിന്റെ ഏഴു വർഷങ്ങളും
!!



സമൃദ്ധിയുടെ വർഷ
ങ്ങളിലുണ്ടാകുന്ന
ധാന്യങ്ങൾ ശേഖരി
ച്ചു സൂക്ഷിച്ചാൽ
പഞ്ഞത്തിൽനിന്നു
രക്ഷപ്പെടാം.
അതിനായി രാജാവ്
ആരെയെങ്കിലും
ചുമതലപ്പെടുത്തണം.
ദൈവത്തിൻറെ
ആത്മാവു
കുടികൊള്ളുന്ന
വിവേകിയും
ജ്ഞാനിയുമായ
നിന്നെക്കാൾ
മെച്ചമായിട്ട്
ആർക്കാണതു
ചെയ്യാൻ
കഴിയുക!


ഈജിപ്തിൻറെ മുഴുവൻ
അധിപനായി ഇന്നു ഞാൻ
നിന്നെ വാഴിക്കുന്നു.
ഇനിമേൽ നിൻറെ പേര്
ജോസഫ് എന്നല്ല
'സാഫ്നത്ഫാനെയാ'
എന്നായിരിക്കും.
!!



ഈജിപ്തിന്റെ സർവാധികാരിയായ ജോസഫിനെ അവർ നഗരത്തിൽ എഴുന്നള്ളിച്ചു
ഈജിപ്തിൻറെ അധികാരിയായ ജോസഫ് വരുന്നു. എല്ലാവരും കുമ്പിടുവിൽ!



സഹോദരന്മാർ അടിമയായി
വിറ്റവനെ ദൈവം
ഭരണാധികാരിയായി ഉയർത്തി

ജോസഫ് ഉടനെ തന്നെ ജോലിയിൽ പ്രവേശിച്ചു. ധാന്യം ശേഖരിക്കാൻ ഈജിപ്തിൽ സംഭരണശാലകൾ പണിതു. കൊയ്ത്തു കാലമായപ്പോൾ വിളവിന്റെ അഞ്ചിലൊന്ന് എല്ലാവരിൽ നിന്നും ശേഖരിച്ചു. സമൃദ്ധിയുടെ ഏഴുവർഷവും ഇതു തുടർന്നു.





ഫറവോ തൻറെ പുരോഹിതനായ പൊത്തിഫെറായുടെ മകൾ അസ്നത്തിനെ ജോസഫിനു ഭാര്യയായി നൽകി.
!!
പുതുതായി പണിത മാളിക സാഫ്നത്ഫാനെയായ്ക്ക് വിവാഹ സമ്മാനമായിരിക്കട്ടെ.


എട്ടാം വർഷം മുതൽ മഴ പെയ്തില്ല.
നാട്ടിൽ ക്ഷാമം രൂക്ഷമായി
ഞങ്ങൾക്ക് ആഹാരം തരു. ഞങ്ങൾ വിശന്നു ചാകുന്നു.
നിങ്ങൾ ജോസഫിന്റെ അടുക്കലേക്കു പോകുവിൻ



കാനാൻ ദേശത്തും ക്ഷാമം രൂക്ഷമായി. യാക്കോബ് തൻറെ പത്തു മക്കളെ ഈജിപ്തിലേക്കു ധാന്യം വാങ്ങാൻ അയച്ചു. അവർ ജോസഫിന്റെ മുമ്പിൽ എത്തിയപ്പോൾ ജോസഫ് അവരെ തിരിച്ചറിഞ്ഞു. അവർ ജോസഫിനെ മനസ്സിലാക്കിയില്ല.
നിങ്ങൾ ചാരന്മാരാണ്. കോട്ടയുടെ ബലക്ഷയം മനസ്സിലാക്കി ആക്രമിക്കുകയല്ലേ നിങ്ങളുടെ ലക്ഷ്യം?
!!
യജമാനനേ, ഞങ്ങൾ പാവങ്ങളായ ഹെബ്രായരാണ്. വൃദ്ധനായ പിതാവിന്റെ പന്ത്രണ്ട് മക്കളാണ് ഞങ്ങൾ.


നിങ്ങൾ പന്ത്രണ്ടു പേരെങ്കിൽ ബാക്കി രണ്ടു പേർ എവിടെ?
പച്ചക്കള്ളം നിങ്ങൾ ചാരന്മാർ തന്നെ. ഇവരെ തടവിലാക്കു.
ഒരാൾ മരിച്ചു പോയി. ഏറ്റവും ഇളയ അനുജൻ അപ്പന്റെ കൂടെയാണ്
!?
???


ജോസഫ് അവരെ മൂന്നുദിവസത്തേക്കു കാരാഗൃഹത്തിലടച്ചു. അതിനുശേഷം
നിങ്ങളിൽ ഒരാൾ ഇവിടെ തടവിൽ കഴിയട്ടെ. ബാക്കിയുള്ളവർക്ക് ധാന്യവുമായി പോകാം. പോയി ഇളയ അനുജനെ കൂട്ടികൊണ്ടുവന്നാൽ നിങ്ങൾ പറയുന്നതു ഞാൻ വിശ്വസിക്കാം.
?!
!!!?
ശിമെയോനെ ബന്ധിച്ചു കാരാഗൃഹത്തിലാക്കി. മറ്റുള്ളവർ ഗോതമ്പുമായി മടങ്ങിപ്പോയി.


നമ്മൾ ജോസഫിനോടു ചെയ്ത പാതകത്തിനു ദൈവം ശിക്ഷിക്കുന്നതാണിത്.
അന്ന് ഞാൻ പറഞ്ഞതാ അവനോട് അതിക്രമം ഒന്നും കാണിക്കരുതെന്ന്.
!
ബെഞ്ചമിനെ കൊണ്ടുപോരാൻ അപ്പൻ സമ്മതിക്കുമോ എന്ന് കണ്ടറിയണം


കൊണ്ടുപോയ ധാന്യം തീർന്നു.  പട്ടിണി സഹിക്കാതായപ്പോൾ ബഞ്ചമിനെയും കൂട്ടി ഈജിപ്ത്തിലേക്ക്മ പോകാൻ യാക്കോബ് മനസില്ലാ മനസോടെ മക്കളെ അനുവദിച്ചു




ഇതു ചതിയാണ്. നമ്മളെ അടിമകളാക്കാനാണ് അവൻറെ ശ്രമം.
നമ്മുടെ കഴുതകളെ തട്ടിയെടുക്കാനും.


ജോസഫ് തൻറെ സഹോദര
ന്മാർക്ക് ഒരു വിരുന്നൊരുക്കി
!!


പിറ്റേന്ന് രാവിലെ അവർ ധാന്യവും കൊണ്ട് യാത്രയായി. അവർ അറിയാതെ ഓരോരുത്തരുടെയും ചാക്കിൽ പണവും, ബഞ്ചമിൻറെ ചാക്കിൽ തൻറെ വെള്ളിക്കപ്പും വയ്ക്കാൻ ജോസഫ് സേവകരോട് പറഞ്ഞിരുന്നു.
ഏതായാലും രക്ഷപ്പെട്ടു. അപ്പനു സന്തോഷമാകും.
എല്ലാം നശിച്ചെന്നു വിചാരിച്ചതാ
ഹെയ്, അതാ പടയാളികൾ പാഞ്ഞുവരുന്നു.
???
???


ഇതാണല്ലേ തൊഴിൽ! യജമാനന്റെ പാനപാത്രവും കൊണ്ടു കടന്നുകളയാമെന്ന് കരുതിയല്ലേ!
അങ്ങെന്താണീ പറയുന്നത്?
പാനപാത്രം ഞങ്ങളിൽ ആരെങ്കിലും മോഷ്ടിച്ചിട്ടുണ്ടെങ്കിൽ അവൻ മരിക്കണം

ബെഞ്ചമിന്റെ ചാക്കിൽ പാനപാത്രം കണ്ടെത്തി.





സഹോദരന്മാർ ജോസഫിന്റെ മുമ്പിൽ.




വേണ്ട, കപ്പ് കൈവശമുള്ള വൻ മാത്രം അടിമയായാൽ മതി. മറ്റുള്ളവർക്ക് പോകാം.
യജമാനനേ, ഞങ്ങളുടെ അപ്പനെയോർത്ത് അവനെ വിട്ടയക്കണം. അല്ലെങ്കിൽ ദുഃഖം കൊണ്ട് അദ്ദേഹം മരിച്ചുപോകും
!?


ജോസഫിനോട് നമ്മൾ ചെയ്തതിന്റെ ശിക്ഷയാണിതെല്ലാം
അവൻ കരഞ്ഞപേക്ഷിച്ചിട്ടും കരുണയില്ലാതെ നമ്മൾ അവനെ വിറ്റതല്ലേ. ഇനി അനുഭവിക്കുക തന്നെ.
!


ജോസഫിന് തൻറെ വികാരമടക്കാൻ കഴിഞ്ഞില്ല. അവൻ സ്വയം വെളിപ്പെടുത്തി. ഉറക്കെ കരഞ്ഞു.
അനുജാ, എത്രകാലമായി.... അപ്പൻ ഇപ്പോഴും ജീവിച്ചിരിക്കുന്നോ?
!
!!!!!


എന്നെ വിറ്റതോർത്തു നിങ്ങൾ ദുഃഖിക്കുകയോ ഭയപ്പെടുകയോ വേണ്ട. ഈ ക്ഷാമ കാലത്ത് നിങ്ങൾക്ക് വേണ്ടി ദൈവമാണ് എന്നെ ഇവിടേക്ക് കൊണ്ടു വന്നത്.


വേഗം പോയി പിതാവിനെ കൂട്ടിക്കൊണ്ടു വരണം. ക്ഷാമം ഇനിയും അഞ്ചുകൊല്ലം കൂടി നീണ്ടുനിൽക്കും.


ജോസഫ് തൻറെ സഹോദരന്മാരെയെല്ലാം മാറി മാറി ചുംബിച്ചു




ജോസഫിൻറെ സഹോദരന്മാർ വന്നതറിഞ്ഞു ഫറവോ ജോസഫിനെ വിളിച്ചു.
!!
രഥങ്ങളയച്ചു നിൻറെ പിതാവിനെയും കുടുംബാംഗങ്ങളെയും കൂട്ടിക്കൊണ്ടു വരിക. ഈജിപ്തിലെ ഏറ്റവും നല്ല ഭൂമി നിങ്ങൾക്ക് ഞാൻ തരാം.

# യാക്കോബും കുടുംബവും ഈജിപ്തിൽ




അപ്പാ
എനിക്ക് തൃപ്തിയായി. മരിച്ചു എന്നു കരുതിയ മകനെ തിരിച്ചുകിട്ടിയല്ലോ. ഇനി ഞാൻ മരിക്കാൻ ഒരുക്കമാണ്.

ജോസഫിന്റെ മക്കളായ മനാസ്സെയും എഫ്രേമിനെയും യാക്കോബ് സ്വന്തം മക്കളായി സ്വീകരിച്ച് അനുഗ്രഹിച്ചു. അദ്ദേഹം മരിച്ചപ്പോൾ മക്കൾ അദ്ദേഹത്തെ കാനാൻ ദേശത്ത് കൊണ്ടുപോയി അടക്കി.




വർഷങ്ങൾക്ക് ശേഷം
പിതാക്കന്മാർക്ക് വാഗ്ദാനം ചെയ്ത കാനാൻ ദേശം ദൈവം നമ്മുടെ മക്കൾക്ക് നൽകും. തേനും പാലും ഒഴുകുന്ന ഭൂമിയിലേക്ക് നിങ്ങൾ പോകുമ്പോൾ എന്റെ അവശിഷ്ടങ്ങളും കൊണ്ടുപോകണം.
!!!

നൂറ്റിപ്പത്തു വയസ്സായപ്പോൾ ജോസഫ് മരിച്ചു. അദ്ദേഹത്തെ അവർ പരിമളദ്രവ്യം പൂശി പെട്ടിയിൽ സൂക്ഷിച്ചു. ഇസ്രായേൽക്കാർ ഈജിപ്തിൽ പെരുകി ധനവും ശക്തിയും ആർജ്ജിച്ചു. അപ്പോൾ പുതിയൊരു രാജവംശം ഈജിപ്തിൽ ഭരണമേറ്റു.

അവർ ഇസ്രായേൽക്കാരെ അടിമകളാക്കി ക്രൂരമായി മർദ്ദിച്ചു. മർദ്ദിതരുടെ നിലവിളി കർത്താവു കേട്ടു. കർത്താവ് ഒരു വിമോചകനെ അയച്ചു.

## അടുത്ത ചിത്രകഥ

# മോശ

# ചോദ്യങ്ങൾ

1. ജോസഫിൻറെ അമ്മയുടെ പേരെന്ത്?
2. സഹോദരന്മാർ ജോസഫിനെ വെറുക്കാൻ കാരണമെന്ത്?
3. ജോസഫ് ഈജിപ്തിലെത്തിയ സാഹചര്യം വിവരിക്കുക.
4. ജോസഫ് ഒരിക്കലും തിന്മക്കു വഴങ്ങിയില്ല. ഉദാഹരണസഹിതം വ്യക്തമാക്കുക.
5. സഹോദരന്മാർ അടിമയായി വിറ്റ ജോസഫ് എങ്ങനെ ഈജിപ്തിൽ അധികാരിയായി?
6. ഫറവോയുടെ സ്വപ്നവും അവയുടെ അർത്ഥവും വിവരിക്കുക.
7. ഫറവോ ജോസഫിനു  നൽകിയ പേരെന്ത്?
8. ബെഞ്ചമിനോടു സഹോദരന്മാർക്കു ആത്മാർത്ഥ സ്നേഹമുണ്ടോയെന്നു ജോസഫ് എങ്ങനെയാണു പരീക്ഷിച്ചത്?
9. ജോസഫിൻറെ മക്കളുടെ പേരെന്ത്?
10. ജോസഫിൻറെ ജീവിതത്തിൽനിന്ന് എന്ത് സന്ദേശമാണു നിങ്ങള്ക്ക് ലഭിക്കുന്നത്?

# സമ്പൂർണ്ണ ബൈബിൾ ചിത്രകഥകളിലൂടെ

1. കായേനും ആബേലും
2. അബ്രാഹം
3. യാക്കോബ്
4. ജോസഫ്
5. മോശ
6. ജോഷ്വാ
7. സാംസൺ
8. റൂത്ത്
9. സാമുവേൽ
10. സാവൂൾ
11. ദാവീദ്
12. ദാവീദുരാജാവ്
13. സോളമൻ
14. ഏലിയാ
15. ആമോസ്
16. ഹോസിയാ
17. മിക്കാ
18. ഏശയ്യാ
19. ജറെമിയാ
20. എസേക്കിയേൽ
21. സഖറിയാ
22. യോനാ
23. ജോബ്
24. തോബിത്
25. ദാനിയേൽ
26. സൂസന്ന
27. എസ്തേർ
28. യൂദിത്ത്
29. മക്കബേയൂസ്
30. മക്കബായർ
31. കാത്തിരിപ്പ്
32. ലോകത്തിന്റെ പ്രകാശം
33. മുന്നോടി
34. പ്രവാചകൻ
35. വിമോചകൻ
36. വരാനിരുന്നവൻ
37. പ്രപഞ്ചത്തിന്റെ നാഥൻ
38. ദൈവപുത്രൻ
39. മനുഷ്യപുത്രൻ
40. കുരിശിന്റെ നിഴലിൽ
41. മാർഗ്ഗം
42. ദാവീദിന്റെ പുത്രൻ
43. ജീവന്റെ അപ്പം
44. രക്ഷകൻ
45. എന്നും നമ്മോടുകൂടെ
46. തീനാവുകൾ
47. രക്തസ്നാനം
48. അകലങ്ങളിലേക്ക്
49. നൈവേദ്യം
50. പുതിയ ആകാശവും പുതിയ ഭൂമിയും